## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5177 28.10.2016 ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന നിയമ ലംഘനം**

| ചോദ്യം<br>ശ്രീ.കെ.ബാബു | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന നിയമ ലംഘനം തടയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) | മോട്ടോർ വാഹന നിയമ ലംഘനം തടയുന്നതിനായി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വാഹന പരിശോധനകൾ ശക്തമായി നടത്തുന്നുണ്ട്. ഇതിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ക്യാമറ ഘടിപ്പിച്ച ഇന്റർസെപ്റ്റർ വാഹനങ്ങൾ, സ്പീഡ് ട്രേസർ വാഹനങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നാഷണൽ ഹൈവേയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയുള്ള പ്രദേശങ്ങളിലും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലും ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി നിയമലംഘനങ്ങൾ കണ്ടെത്തുകയും, ശക്തമായ ശിക്ഷാ നടപടികളും ബോധവൽക്കരണ പരിപാടികളും വകുപ്പ് കൈക്കൊള്ളുന്നുണ്ട്. |
| (ബി) | മോട്ടോർ വാഹന നിയമ ലംഘനവുമായി ബന്ധപ്പെട്ട് മോശം ഡ്രൈവിംഗ് നടത്തിയിട്ടുള്ള എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഏത് ജില്ലയിലാണ് ഇത്തരത്തിലുള്ള കേസുകൾ കൂടുതലുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | 8473 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് കാസർഗോഡ് ജില്ലയിലാണ്. (1531 കേസുകൾ) |

| | | | |
|---|---|---|---|
| (സി) | കേരളത്തെ നല്ല ഡ്രൈവർമാരുള്ള മാതൃകാ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | നല്ല ഡ്രൈവർമാരുള്ള മാതൃകാ സംസ്ഥാനമാക്കുവാൻ വേണ്ടി വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. ലൈസൻസ് അനുവദിക്കുന്നതിനുമുൻപായി പ്രീലേണേഴ്സ് ഡ്രൈവിംഗ് ക്ലാസ് നടത്തുന്നുണ്ട്. 2011-2020 റോഡ് സുരക്ഷാദശകത്തിന്റെ ഭാഗമായി എല്ലാ വിഭാഗത്തിൽപ്പെട്ട ഡ്രൈവർമാർക്കും ബോധവല്ക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. വിദ്യാർത്ഥികളിൽ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണക്ലാസുകൾ നടത്തിവരുന്നുണ്ട്. കൂടാതെ റോഡ് സുരക്ഷയെ പാഠ്യവിഷയത്തിൽ ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ